24 (2581) പുതിയ ട്രഷറി അനുവദിക്കൽ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏറ്റവും വിസ്തൃതിയിലുള്ള നിയോജകമണ്ഡലമായ റാന്നിയിലെ ജനങ്ങൾക്ക് റാന്നി ടൗണിലുള്ള ട്രഷറി ആഫീസിൽ എത്താൻ 130 കിലോമീറ്റർ വരെ സഞ്ചരിക്കണമെന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റാന്നി-പെരിനാട് കേന്ദ്രമാക്കി പുതിയ ട്രഷറി അനുവദിക്കണമെന്ന ജനപ്രതിനിധികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുള്ള ശുപാർശകൾ വെളിപ്പെടുത്തുമോ;

(ഡി) നിവേദനത്തിന്റെയും ശുപാർശയുടേയും അർഹതയുടേയും അടിസ്ഥാനത്തിൽ പെരിനാട്ടിൽ പുതിയ സബ് ട്രഷറി അനുവദിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകാരണം തൽക്കാലം പരിഗണനയിലില്ല.

25 (2582) കോഴിക്കോട് ജില്ലയിലെ മുക്കത്ത് ട്രഷറി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട മലയോര പട്ടണമായ മുക്കത്ത് ഒരു ട്രഷറി സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

തൽക്കാലം നിർവ്വാഹമില്ല.

26 (2583) റോഡ് നിർമ്മാണത്തെപ്പറ്റി വിജിലൻസ് അന്വേഷണം

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യു.ഡി. (റോഡ്സ്) ചീഫ് എൻജിനീയറുടെ എൽ.എസ്സിൽപ്പെടുത്തി 1999 മെയ് 30 വരെ എന്ത് തുകയുടെ ജോലികൾ അനുവദിച്ചുവെന്നും പ്രസ്തുത പണം ചെലവഴിച്ചിരിക്കുന്നത് ധനകാര്യ വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണോ എന്നും ധനകാര്യ വകുപ്പിന്റെ വിജിലൻസ് വിംഗിനെക്കൊണ്ട് അന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly